സി.എം റഫീഖ് കോക്കൂർ

# സത്യസന്ധത എന്ന ഉത്കൃഷ്ട മൂല്യം

عَنْ عَائِشَةَ رَضِيَ اللَّهُ عَنْها قَالَتْ: مَا كَانَ خُلُقٌ أَبْغَضُ إِلَى رَسُولِ اللَّهِ صلى الله عليه وسلم مِنَ الْكَذِبِ وَلَقَدْ كَانَ الرَّجُلُ يَكْذِبُ عِنْدهُ الكَذِبَة فَمَا يَزَالُ فِي نَفْسِهِ حَتَّى يَعْلَمَ أَنَّهُ قَدْ أَحْدَثَ مِنْهَا تَوْبَةً .

**ആഇശ(റ) നിവേദനം ചെയ്യുന്നു: അവർ പറഞ്ഞു: ''അല്ലാഹുവിന്റെ ദൂതരുടെ നോട്ടത്തിൽ നുണ പറയലാണ് ഒരു വ്യക്തിയുടെ ഏറ്റവും വെറുപ്പുളവാക്കുന്ന ശീലം. തന്റെ മുന്നിൽ വന്ന് ആരെങ്കിലും നുണ പറഞ്ഞെന്നു കണ്ടാൽ പിന്നീട് അയാളെക്കുറിച്ച വിചാരം അദ്ദേഹത്തിന് വിഷമകരമായിത്തീരും. അയാൾ പശ്ചാത്തപിച്ചെന്ന വിവരം ലഭിക്കുന്നതുവരെ ആ മനോനില തുടരും'' (ഇബ്നു ഹിബ്ബാൻ, അഹ്മദ്, തിർമിദി).**

അല്ലാഹു, പ്രപഞ്ചമഖിലം സംവിധാനിച്ചത് സത്യത്തിന്റെയും നീതിയുടെയും അടിസ്ഥാനത്തിലാണ്. സത്യത്തിന് നിരക്കാത്തതൊന്നും വ്യക്തികളിലോ സമൂഹത്തിലോ ഉണ്ടാകരുതെന്നാണ് ഇസ്‌ലാമിന്റെ നിഷ്കർഷ. സത്യത്തിന്റെ അടിത്തറയിൽ ജീവിതത്തെ കെട്ടിപ്പടുക്കുമ്പോൾ അത് സുന്ദരവും സമാധാനപൂർണവും വക്രതയില്ലാത്തതും നിഷ്കളങ്കവുമായിത്തീരും. ജീവിതവ്യത്തികളെയഖിലം സത്യത്തിന്റെ ദർപ്പണത്തിലൂടെ നോക്കിക്കാണേണ്ടവനാണ് വിശ്വാസി. അവന്റെ മുഴുവൻ ഇടപാടുകളും സത്യസന്ധമായിരിക്കണം.

സത്യസന്ധതക്ക് വിരുദ്ധമാണ് നുണ പറയൽ. യഥാർഥ വിശ്വാസിക്കൊരിക്കലും നുണ പറയാൻ കഴിയില്ല. കപട വിശ്വാസിയുടെ മൂന്ന് പ്രധാന അടയാളങ്ങൾ എണ്ണിപ്പറഞ്ഞ പ്രവാചകൻ അതിലൊന്നാമതായി പറഞ്ഞത്, 'അയാൾ സംസാരിച്ചാൽ കളവ് പറയും' എന്നാണ്. തമാശയായി പോലും കള്ളം പറയരുതെന്നാണ് റസൂൽ(സ) പഠിപ്പിച്ചിട്ടുള്ളത്.

ചിന്ത, വാക്ക്, പ്രവൃത്തി ഈ മൂന്ന് തലങ്ങളിലും സത്യസന്ധത ഉണ്ടാവണം. നബി(സ) അരുളി: ''ദുർവിചാരത്തിൽനിന്ന് അകന്നുകഴിയുക. കാരണം ദുർവിചാരമാണ് ഏറ്റവും ഗുരുതരമായ നുണ'' (ബുഖാരി).

മനുഷ്യരഖിലം സഹോദരങ്ങളാണെന്നും തന്റെ സഹോദരനെക്കുറിച്ച് നല്ലതു മാത്രമേ വിചാരിക്കാവൂ എന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. നുണ പറയുന്ന ശീലത്തെ എത്ര ഗുരുതരമായാണ് പ്രവാചകൻ കണ്ടിരുന്നത് എന്നതിന്റെ അനുഭവസാക്ഷ്യമാണ് നബിയുടെ പ്രിയപത്നി ആഇശ(റ)യുടെ മേൽകൊടുത്ത വാക്കുകൾ. പ്രവാചകന് ഇതിനോളം വെറുപ്പുള്ള മറ്റൊരു ദുഃസ്വഭാവവുമില്ല എന്നാണ് പ്രവാചക പത്നിയുടെ മൊഴി. ആരെങ്കിലും തന്റെ മുമ്പാകെ നുണ പറഞ്ഞെന്ന് ബോധ്യമായാൽ പിന്നെ അയാളെക്കുറിച്ച് സദ്വിചാരം വെച്ചുപുലർത്താൻ കഴിയാത്ത ഒരു മാനസികാവസ്ഥയിൽ പ്രവാചകൻ എത്തുമായിരുന്നു. അയാളെ സംബന്ധിച്ച സകല മതിപ്പും ആദരവും അതോടെ അവസാനിക്കുകയാണ്. റസൂൽ(സ) വളർത്തിയെടുത്ത ഉത്തമ സമൂഹവും ഇവ്വിധം തന്നെയാണ് ആളുകളെ വിലയിരുത്തിയിരുന്നത്. ആത്മാർഥമായി അയാൾ പശ്ചാത്തപിച്ചതായി വിവരം ലഭിക്കുമ്പോൾ മാത്രമാണ് ഈ മനോഭാവത്തിൽ മാറ്റം സംഭവിക്കുക.

കളവ് പറയുന്നത് അത്യന്തം ലാഘവത്തോടെയാണ് ഇന്ന് സമൂഹം കാണുന്നത്. ഭൗതികമായ, വളരെ താൽക്കാലികമായ നേട്ടങ്ങൾക്കു വേണ്ടി നുണ പറയാൻ ഒരു മടിയുമില്ല. റസൂൽ(സ) പഠിപ്പിച്ചതാകട്ടെ, 'എത്ര കയ്പുള്ളതാണെങ്കിലും സത്യമേ പറയാവൂ' എന്നും. അഥവാ ഭൗതികമായ എന്ത് പ്രയാസങ്ങൾ സഹിക്കേണ്ടിവന്നാലും നുണ പറയരുത്.

നമ്മുടെ സാമൂഹിക-രാഷ്ട്രീയ മേഖലകൾ പൊതുവെ നുണയിൽ കെട്ടിപ്പടുത്തതാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. അതിന്റെ ദുരന്തമാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയുൾപ്പെടെ ലോകത്തെ വിവിധ രാജ്യങ്ങളിൽ അധികാരം വാണുകൊണ്ടിരിക്കുന്നവർ എത്ര കൊടും നുണകൾ പറഞ്ഞാണ് ഭരണം പിടിക്കുകയും നിലനിർത്തുകയും ചെയ്യുന്നത്. അസത്യങ്ങളും അർധ സത്യങ്ങളും സത്യമെന്ന വ്യാജേന സകല മീഡിയയിലൂടെയും പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നുണ ആയിരം തവണ ആവർത്തിച്ചാൽ സത്യമായി ജനം അംഗീകരിക്കുമെന്ന ഗീബൽസിയൻ തന്ത്രമാണവർ പയറ്റിക്കൊണ്ടിരിക്കുന്നത്. നേരിനും നെറിക്കും ചേരാത്ത തങ്ങളുടെ ചെയ്തികളെ ആരെങ്കിലും എതിർത്താൽ അവരെ അന്യായമായി കുറ്റം ചാർത്തി തടവിലിടാനും പീഡിപ്പിക്കാനും അവർ കരിനിയമങ്ങൾ പടച്ചുണ്ടാക്കുകയും ചെയ്യും.

സാഹചര്യം എത്ര തന്നെ പ്രതികൂലമാണെങ്കിലും സത്യത്തിലടിയുറച്ചുനിൽക്കാനും തിന്മകൾക്കെതിരെ പോരാടാനും വിശ്വാസികൾ ബാധ്യസ്ഥരാണ്. ●